എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A newsletter from Energy Management Centre - Kerala

വാല്യം-2, ലക്കം 02, 2021 ജൂലൈ 05

# ഗോ ഇലക്ട്രിക് ക്യാമ്പയിൻ

## വെബിനാർ പരമ്പര ആരംഭിച്ചു

ഗോ ഇലക്ട്രിക് ക്യാമ്പയിന്റെ ഭാഗമായുള്ള വെബിനാർ പരമ്പര ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5 മുതൽ ആരംഭിച്ചു. വൈദ്യുതി ഉപയോഗിച്ചുള്ള പാചകരീതി, വൈദ്യുത വാഹനങ്ങൾ, അവയുടെ ഉപയോഗം, ചാർജിംഗ് സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച സാങ്കേതിക അവതരണങ്ങളും, ബോധവൽക്കരണ പരിപാടികളും, ചർച്ചകളുമാകും വെബിനാർ പരമ്പരയുടെ ഭാഗമായി ഉണ്ടാവുക. വെബിനാർ പരമ്പരയുടെ ഭാഗമായുള്ള എല്ലാ പരിപാടികളും ഇ.എം.സിയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിൽ തൽസമയം സംപ്രേക്ഷണം ചെയ്യുന്നുണ്ട്. കൂടാതെ, എല്ലാ അവതരണങ്ങളുടെയും വീഡിയോ പതിപ്പ് ഇ.എം.സി യുടെ യൂട്യൂബ് ചാനലിൽ ലഭ്യമാണ്.

വെബിനാർ പരമ്പരയുടെ ഭാഗമായി 4 അവതരണങ്ങളാണ് ജൂൺ മാസം നടന്നത്.

അക്ഷയ ഊർജ്ജ പദ്ധതികളുടെ കടന്നുവരവും വളർച്ചയും വൈദ്യുത ഉത്പാദനത്തിലെ കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നാമിന്ന് ഏറെക്കുറെ പൂർണ്ണമായും ഫോസിൽ ഇന്ധനങ്ങളെ ആശ്രയിച്ചുപോരുന്ന പാചകവും, ഗതാഗതവും വൈദ്യുതി അധിഷ്ഠിതമായി മാറ്റുന്നത് ആഗോളതാപനത്തെ ചെറുക്കുന്നതിന് സഹായകമാകും. ഈ ലക്ഷ്യത്തോടെ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിനു കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫ്ഷ്യൻസി ഗോ ഇലക്ട്രിക് ക്യാമ്പയിൻ ആഹ്വാനം ചെയ്തിട്ടുണ്ട്. ദേശീയതലത്തിൽ 2021 ഫെബ്രുവരി മാസം 19 ന് പ്രസ്തുത ക്യാമ്പയിൻ തുടക്കം കുറിച്ചിരുന്നു.

ഗോ ഇലക്ട്രിക് ക്യാമ്പയിന്റെ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ഇ.എം.സി, വെബിനാർ പരമ്പരയ്ക്ക് പുറമേ റോഡ്ഷോ, പ്രദർശനം മുതലായവയും ആസൂത്രണം ചെയ്തിട്ടുണ്ട്.

Go Electric Campaign

## വിർച്വൽ എക്സിബിഷൻ സംഘടിപ്പിച്ചു

ഗോ ഇലടിക് ക്യാമ്പയിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ വിർച്വൽ എക്സിബിഷൻ സംഘടിപ്പിച്ചു. 2021 ജൂൺ 10-ാം തീയതിയാണ് ഫേസ്ബുക്ക് ലൈവിലൂടെ വിർച്വൽ എക്സിബിഷൻ നടത്തിയത്. ബഹു. മുഖ്യമന്ത്രി, ബഹു. വൈദ്യുതവകുപ്പ് മന്ത്രി, ബഹു. ഗതാഗതവകുപ്പ് മന്ത്രി എന്നിവരുടെ ആശംസാസന്ദേശത്തോടെ ആരംഭിച്ച പരിപാടിയിൽ എല്ലാ പ്രമുഖ വൈദ്യുത വാഹനങ്ങളുടെയും, വൈദ്യുത പാചക ഉപകരണങ്ങളുടേയും പ്രദർശനം ഉണ്ടായി.

ഊർജ്ജ വകുപ്പ് സെക്രട്ടറി ഡോ. ബി. അശോക് IAS, ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കെ.ആർ. ജ്യോതിലാൽ IAS, ഇ.ഇ.എസ്.എൽ എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ശ്രീ. സൌരഭ് കുമാർ, സി.ഇ.എസ്.എൽ സി.ഇ.ഒ ശ്രീമതി. മഹുവ ആചാര്യ എന്നിവർ ആശംസകൾ നേർന്നു.



# പൊതുവിദ്യാലയങ്ങളിൽ ഊർജ്ജ ഓഡിറ്റ്

## കാട്ടാക്കട നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും പൂർത്തിയായി

കാട്ടാക്കട നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലേയും പൊതുവിദ്യാലയങ്ങളിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ ഊർജ്ജ ഓഡിറ്റ് പൂർത്തിയായി. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. വി. ശിവൻകുട്ടി, കാട്ടാക്കട എം.എൽ.എ ശ്രീ. ഐ. ബി. സതീശിന് നൽകി പ്രകാശനം ചെയ്തു.

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് നടത്തിയ ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഡി. സുരേഷ് കുമാർ, ക്ഷേമകാര്യ സമിതി അദ്ധ്യക്ഷൻ ശ്രീ. വിളപ്പിൽ രാധാകൃഷ്ണൻ, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ഭൂവിനിയോഗ സമിതി കമ്മീഷണർ ശ്രീ. എ. നിസ്സാമുദ്ദീൻ, ഊർജ്ജ ഓഡിറ്റർ ശ്രീ. സുരേഷ് ബാബു എന്നിവർ പങ്കെടുത്തു.

ഊർജ്ജ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 174.61 ലക്ഷം രൂപ മുതൽമുടക്കിൽ പ്രതിവർഷം 59.26 ലക്ഷം രൂപയുടെ വൈദ്യുതി (8.78 ലക്ഷം യൂണിറ്റ് വൈദ്യുതി) ലാഭിക്കാമെന്നും, 728.43 ടൺ കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറക്കാമെന്നും കണക്കാക്കുന്നു.

# ആനക്കാംപൊയിൽ ചെറുകിട ജലവൈദ്യുത പദ്ധതിയിൽ ഉത്പാദനം ആരംഭിച്ചു

സ്വകാര്യപങ്കാളിത്തത്തിൽ നിർമിച്ച 8 മെഗാവാട്ട് ഉത്പാദന ശേഷിയുള്ള ആനക്കാംപൊയിൽ ചെറുകിട ജലവൈദ്യുത പദ്ധതിയിൽ വൈദ്യുതി ഉത്പാദനം ആരംഭിച്ചു. 2013 ൽ എനർജി മാനേജ്മെന്റ് സെന്റർ മുഖേന ബൂട്ട് (Build Operate Own and Transfer) അടിസ്ഥാനത്തിൽ കേരള സർക്കാർ സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതിയാണ് ഇത്. കോഴിക്കോട് ജില്ലയിൽ ഇരുവഴിഞ്ഞിപ്പുഴയിൽ സ്ഥിതിചെയ്യുന്ന ഈ പദ്ധതി ഹൈദരാബാദ് തപസ്യയും, കോഴിക്കോട് കെ.എസ്.കെയും സംയുക്തമായാണ് നടപ്പിലാക്കിയത്.



3 മെഗാവാട്ടിന്റെ രണ്ട് ജനറേറ്ററുകളും 1 മെഗാവാട്ടിന്റെ ഒരു ജനറേറ്ററുമടങ്ങുന്ന ഈ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമാണ ചിലവ് 77 കോടി രൂപയാണ്. ഇവിടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി തിരുവമ്പാടി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കെ.എസ്.ഇ.ബിയുടെ തമ്പലമണ്ണ സബ് സ്റ്റേഷനിലേക്കാണ് നൽകുന്നത്.

30 വർഷത്തെ ബൂട്ട് കാലാവധി കഴിയുമ്പോൾ സംരഭകർ ഈ പദ്ധതി സർക്കാരിന് കൈമാറും.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 66–ാമത് 'ബാങ്ക് ഡേ'യുടെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ വളപ്പിൽ എസ്.ബി.ഐ ഉദ്യോഗസ്ഥർ മരത്തൈകൾ നട്ടു. എസ്.ബി.ഐയുടെ സി.ഇ.ടി ബ്രാഞ്ച് മാനേജർ സീനാ രാജൻ, സീനിയർ അസോസിയേറ്റ് മീന അർ നായർ എന്നിവരുടെ നേതൃത്വത്തിലാണ് മരത്തൈകൾ നട്ടത്.



# എസ്.ബി.ഐ ബാങ്ക് ഡെ



# BEE to Prepare An Action Plan to Meet Commitments in Paris Agreement

In line with India's Nationally Determined Contributions (NDC) submitted under the Paris Agreement, the Bureau of Energy Efficiency is gearing up to prepare an action plan for 2021-30 to meet its NDC commitments with the support of states.

The BEE has urged state governments to aggressively promote energy efficiency and conservation to achieve comprehensive development. As part of this, the BEE held a stakeholders' consultation meeting through a webinar to discuss enhancing energy efficiency in key sectors, including industry, MSMEs, buildings, electric appliances, transport, etc.

BEE Director General, Mr. Abhay Bakre, said that high economic growth would be possible only with low per capita emissions for which the Union Ministry of Power wants to enhance energy efficiency and promote clean energy. "The Union Government will lay a balanced emphasis on economic development and the environment. It is adopting a climate-friendly, cleaner path to achieve cleaner economic development".

The BEE estimated that its activities related to energy efficiency and conservation would result in a reduction of 557 million tonnes of $CO_2$ per annum by 2030. It also estimated that the energy-saving investment potential of the country would be around Rs 10.02 lakh crore by 2031 under the moderate scenario, and Rs 13.20 lakh crore under the ambitious scenario.



# Hybrid Supercapacitor Offers NiMH Energy Density, Charges Much Faster

Researchers at the Queensland University of Technology (QUT) have added another hybrid supercapacitor design to the mix, promising the near-instant charge and discharge of a supercapacitor with vastly improved energy storage on par with NiMH batteries.

In new research published in Advanced Materials, the QUT team describes a design that uses a capacitor-style titanium carbide-based negative electrode and a battery-style graphene-hybrid positive electrode. The result, says the team, is a hybrid capacitor with a power density (and thus charging capability) "about 10 times that of lithium batteries", and an energy density "close to that of nickel-metal hydride batteries."

For more: https://onlinelibrary.wiley.com/doi/10.1002/adma.202004560

## Go-Electric Campaign Video Gallery

**Switching to Electric Cars**
Shri. Rishi Tandon
General Manager, Head Sales for Govt/Institutional EV Sales- Tata Motors
*https://youtu.be/66cuDadSM60*

**The EV Revolution on 2 Wheels**
Shri. Sidharth VK
Head, Sales - Ather Energy
*https://youtu.be/6LTGfFgluAc*

**EV Charging Market Assessment**
Shri. Ankit Rathi
Key Account Manager
Delta Electronics India Private Limited
*https://youtu.be/apjYgTj9Rms*

**"Electric Mobility - Driving the EV Ecosystem" - CESL experience and learnings**
Shri. N. Mohan
Head, EVCI Department,
Convergence Energy Services Limited (CESL)
*https://fb.watch/6vJPo95ncW/*

**Go-Electric Cambain Virtual Exhibition**
*https://qrgo.page.link/QkkpT*



## EMC invites EoI for Hydrokinetic Projects in Kerala

Energy Management Centre invites Expression of Interest for the development of Hydrokinetic projects in the irrigation canals of Kerala.
The project has three phases. The first phase is to conduct a study and quantify the hydrokinetic energy potential in Kerala. The second phase is to install a 100 kW project in a suitable irrigation canal at Palakkad district in RESCO mode or EPC mode. The third phase is a phased manner replication of similar projects.
More details are available at the Energy Management Centre website. The last date of receiving Expression of Interest at the EMC office is 31 July 2021.

EMC YouTube page

EMC Facebook page

Design & Layout: Prajeesh A.


Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256